**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 747

17.07.2012 ൽ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ**

ചോദ്യം

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.കെ. ശിവദാസൻ നായർ

മറുപടി

ശ്രീ. കെ.സി. ജോസഫ്
( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി )

എ) കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത സ്ത്രീകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

എ) കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത കുടുംബങ്ങളിൽ 90 ദിവസമെങ്കിലും സ്ത്രീ തൊഴിലാളികൾ പണിയെടുത്ത കുടുംബങ്ങൾക്ക്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങൾക്കു പുറമേ, 1000 രൂപാ വീതം ധനസഹായം നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ബി) എത്ര സ്ത്രീകൾക്കാണ് ഇങ്ങനെ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) 04.06.12-ലെ സ.ഉ(സാധാ)നം. 1533/2012/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 100 ദിവസം സ്ത്രീകൾ മാത്രം പ്രവൃത്തിയെടുത്ത കുടുംബങ്ങളുടെ എണ്ണം 104549 ആണെന്ന് കണക്കാക്കിയിരുന്നു. എന്നാൽ 02.07.12ലെ ജി.ഒ(ആർ.ടി) 1833/2012/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, കുടുംബം 100 ദിവസം തൊഴിൽ പൂർത്തീകരിക്കുകയും ഏറ്റവും കുറഞ്ഞത് 90 ദിവസമെങ്കിലും സ്ത്രീകൾ പണിയെടുക്കുകയും ചെയ്ത കുടുംബങ്ങൾ ഈ ആനുകൂല്യത്തിന് അർഹരാണെന്ന് സ്പഷ്ടീകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ, അപ്രകാരമുള്ള കുടുംബങ്ങളുടെ എണ്ണം 112146 ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

സി) ഈ ആനുകൂല്യങ്ങൾക്കുള്ള തുക എവിടെനിന്നാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

സി) 1000 രൂപാ വീതം ധനസഹായം നൽകുന്നതിനാവശ്യമായ തുക തുടക്കത്തിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന/ജനറൽ പർപ്പസ്/തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും ഇങ്ങനെ ചെലവഴിക്കുന്ന തുക സംസ്ഥാന നിയമസഭ ഉപധനാഭ്യർത്ഥനയിലൂടെ പാസ്സാക്കുന്ന മുറയ്ക്ക് സർക്കാർ തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ